# St.Marys's
# Syro-Malabar Community Graz

## "മരണത്തെ തോൽപ്പിച്ച് ഉയിർത്തെഴുന്നേറ്റ യേശുനാഥന്റെ സ്നേഹം നിങ്ങളുടെ ജീവിതത്തിൽ നിറയട്ടെ"

സ്നേഹം നിറഞ്ഞ ഇടവക അംഗംങ്ങളെ,

മരണം ഒന്നിന്റെയും അവസാനമല്ലെന്നും സ്നേഹത്തിന് മരണത്തെപ്പോലും ജയിക്കാൻ കഴിയുമെന്നും ഈസ്റ്റർ നമ്മെ പഠിപ്പിക്കുന്നു. ജീവിതത്തിലെ കഷ്ടപ്പാടുകൾക്കും ദുരിതങ്ങൾക്കും ശേഷം ഒരു ഉയിർത്തെഴുന്നേൽപ്പ് ഉണ്ടെന്ന വലിയ വിശ്വാസമാണ് ഓരോ ഈസ്റ്ററും നമുക്ക് പകർന്നു നൽകുന്നത്. സാഹോദര്യത്തിന്റെയും സമാധാനത്തിന്റെയും സന്ദേശം ഈ ഈസ്റ്റർ കാലത്ത് എല്ലാവരിലും നിറയട്ടെ. എല്ലാവർക്കും ഹൃദയം നിറഞ്ഞ ഈസ്റ്റർ ആശംസകൾ!

ഒരു ഇടവക എന്ന നിലയിൽ നമ്മൾ രൂപീകൃതമായിട്ടു ഇന്നേക്ക് ഒരു വർഷം തികയുകയാണ് .ദൈവാനുഗ്രഹത്തിന്റെയും വളർച്ചയുടെയും ഒരു വർഷമാണ് കടന്നു പോയത് .ദൈവം നമ്മളെ ഒരുപാടു അനുഗ്രഹിച്ച വർഷം കൂടി ആയിരുന്നു 2025. പ്രവാസലോകത്തു നമ്മുടെ തനതായ സിറോ മലബാർ റീത്തിൽ വിശുദ്ധ കുർബാന അർപ്പിക്കാനും തിരുകർമ്മങ്ങൾ പരികർമ്മം ചെയ്യാനും ദൈവം നമുക്ക് നൽകിയ ഒരു സുവർണ്ണാവസരം ആയി കരുതാം . ഒരു ഇടവക എന്ന നിലയിൽ നമ്മൾ അതിന്റെ ശൈശവ ദിശയിൽ ആണ് . നമ്മുക്ക് ഒരുപാട് ദൂരം സഞ്ചരിക്കാനുണ്ട് വളരാനുണ്ട്.

കുറവുകളും പോരായ്മകളും ഇടവകയുടെ വളർച്ചയുടെ ആദ്യ കാലഘട്ടത്തിൽ ഉണ്ടായേക്കാം. മുറിവുകൾ,കുറ്റപ്പെടുത്തലുകൾ, വിമർശനങ്ങൾ എന്നിവയെല്ലാം വളർച്ചയുടെ ഭാഗമാണെന്നു മനസിലാക്കാനും അതിനെയെല്ലാം പോസിറ്റീവായി കാണാനും അതിൽ നിന്നെല്ലാം നല്ലതു ഉൾകൊള്ളാനും നമുക്ക് പരിശ്രമിക്കാം .

'ക്രിസ്തുവിന്റെ ഉയിർപ്പ് നിങ്ങൾക്ക് പുതിയ പ്രത്യാശയും, സന്തോഷവും, സമാധാനവും നൽകട്ടെ. എല്ലാവർക്കും ഹൃദയം നിറഞ്ഞ ഈസ്റ്റർ ആശംസകൾ!'
പ്രാർത്ഥനയോടെ ,സ്നേഹപൂർവ്വം

**ഫാ.ജോയൽ കോയിക്കര OFM Conv.**
(വികാരി)

St.Marys SMC, Mariahilferplatz 3, 8020 Graz, Austria
Tel/WhatsApp: +43 66499443222, Email : info@smcgraz.at
www.smcgraz.at